**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2512** **24-06-2024 - ൽ മറുപടിയ്ക്ക്**

**നികുതി കുടിശ്ശിക വരുത്തിയ ബാർ ഹോട്ടലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നികുതി കുടിശ്ശിക വരുത്തിയ എത്ര ബാർ ഹോട്ടലുകൾ ഉണ്ടെന്ന് ജില്ല തിരിച്ചുള്ള പേര് വിവരം ലഭ്യമാക്കാമോ; പ്രസ്തുത ബാർ ഹോട്ടലുകൾക്കെതിരെ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; പ്രസ്തുത വിഷയത്തിൽ നികുതി വകുപ്പ് സ്വീകരിച്ച നടപടി ഹൈക്കോടതി അംഗീകരിച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് നികുതി കുടിശ്ശിക വരുത്തിയ ബാർ ഹോട്ടലുകളുടെ ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ച് വരുന്നു.<br><br>വിറ്റുവരവ് കുറച്ചുകാണിച്ചിട്ടുള്ളതായി കണ്ടെത്തുകയോ, നികുതി അടയ്ക്കുന്നത് കുറഞ്ഞ നിരക്കിൽ ആണെന്ന് കണ്ടെത്തുകയോ, അടയ്ക്കേണ്ട നികുതി പൂർണ്ണമായി അടച്ചിട്ടില്ല എന്ന് കണ്ടെത്തുകയോ ചെയ്താൽ, അവർക്കെതിരെ കേരള പൊതു വില്പന നികുതി നിയമം, 1963 അനുശാസിക്കുന്ന പ്രകാരമുള്ള അസ്സസ്സ്മെന്റ് നടപടികൾ പൂർത്തീകരിക്കുകയും കുറവ് വരുത്തിയിട്ടുള്ള നികുതി സംസ്ഥാന ഖജനാവിലേക്ക് ലഭ്യമാക്കാനുള്ള മറ്റു നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. നികുതി കുടിശ്ശിക പിരിക്കുന്നത് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഡിപ്പാർട്ട്മെന്റിന്റെ പുനഃസംഘടനയുമായി ബന്ധപ്പെട്ട് പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ടി വിഭാഗം കുടിശ്ശികകൾ പിരിക്കുന്നതിനുള്ള ഊർജിത നടപടികൾ സ്വീകരിച്ചുവരുന്നു. റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനായി റവന്യൂ വകുപ്പിനും ശിപാർശ ചെയ്തുവരുന്നു. റിട്ടേൺ ഫയൽ ചെയ്ത് യഥാസമയം നികുതി അടയ്ക്കാത്തവർക്കുമേൽ കേരള പൊതു വിൽപ്പന നികുതി നിയമം, 1963 പ്രകാരം, പെനാൽറ്റി ചുമത്തുന്നതിനും, റിട്ടേൺ ഫയൽചെയ്യുന്നതിൽ വീഴ്ച വരുത്തിയ ബാർ ഹോട്ടലുകളുടെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുന്നതിനുമുള്ള നടപടികളും സ്വീകരിച്ച് വരുന്നു. റിട്ടേൺ ഫയൽ ചെയ്യുന്നതിൽ വീഴ്ചവരുത്തിയവർക്കെതിരെ അസ്സെസ്സ്മെന്റ് നടപടികളും സ്വീകരിച്ച് വരുന്നു. ഇത് കൂടാതെ, സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് ഇന്റലിജൻസ് വിഭാഗവും ഇക്കാര്യത്തിൽ വിശദമായ പരിശോധന നടത്തി നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത വിഷയത്തിൽ നികുതി വകുപ്പ് സ്വീകരിച്ച നടപടി ഹൈക്കോടതി അംഗീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | നികുതി കുടിശ്ശിക വരുത്തിയ ബാർ ഹോട്ടലുകൾക്ക് ബെവ്കോ-യിൽ നിന്നും മദ്യം നൽകുന്നത് നിർത്തി വെക്കുമെന്ന് വകുപ്പ് മന്ത്രി നിയമസഭയിൽ ഉറപ്പ് നൽകിയിട്ടും കേരള ഹൈക്കോടതി വിധി ഉണ്ടായിട്ടും ബെവ്കോ എം.ഡി. പ്രസ്തുത നിലപാടിൽ സ്പഷ്ടീകരണം ആവശ്യപ്പെട്ട് നികുതി വകുപ്പിന് കത്ത് അയച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | ചില ബാർ ഹോട്ടലുകൾ തങ്ങളുടെ വരുമാനത്തിൽ നിന്നും സർക്കാരിന് നൽകേണ്ട ടേൺ ഓവർ ടാക്സിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടെന്നും ആയതിനാൽ അവർക്ക് മദ്യം നൽകുന്നത് നിർത്തിവയ്ക്കണമെന്നും ആവശ്യപ്പെട്ട് ചരക്ക് സേവന നികുതി വകുപ്പിന്റെ 27.09.2023 തീയതിയിലെ SGST/2023-TPS(HQ)4 നമ്പർ കത്ത് പ്രകാരം കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനോട് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത കത്തിനെതിരെ ചില ബാർ ഹോട്ടലുകൾ ബഹു. ഹൈക്കോടതിയെ സമീപിച്ചപ്പോൾ, ടി കത്തിൻമേൽ തുടർനടപടികൾ സ്വീകരിക്കേണ്ടതില്ല എന്ന് ഉത്തരവായിട്ടുള്ളതും എന്നാൽ മറ്റു ചില കേസുകളിൽ ചരക്കുസേവന നികുതി വകുപ്പിന്റെ നിർദ്ദേശം അനുസരിച്ച് തീരുമാനം എടുക്കാമെന്നും വിധി പുറപ്പെടുവിച്ചിരുന്നു. മാത്രമല്ല, നിയമപരമായ എക്സൈസ് ലൈസൻസും, കെ.ജി.എസ്.ടി. രജിസ്ട്രേഷനുമുള്ള ബാർ ഹോട്ടലുകൾക്ക് മദ്യം നൽകാതിരിക്കുന്നത് നിയമപരമായി നിലനിൽക്കുന്നതല്ലാത്തതിനാൽ സർക്കാരിന് എക്സൈസ് തീരുവ, സെയിൽസ് ടാക്സ് എന്നീ ഇനത്തിൽ വരുന്ന വരുമാന നഷ്ടം കൂടി കണക്കിലെടുത്ത് ടി വിഷയത്തിൽ സ്പഷ്ടീകരണം ആവശ്യപ്പെട്ട് ബെവ്കോ നികുതി വകുപ്പിന് കത്തയച്ചിരുന്നു. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.) കുടിശ്ശിക വരുത്തിയതായി ചരക്ക് സേവന നികുതി വകുപ്പ് അറിയിക്കുന്ന ബാർ ഹോട്ടലുകൾക്ക് പത്ത് ദിവസത്തെ സമയം അനുവദിച്ചതിന് ശേഷം മദ്യം നൽകുന്നത് നിർത്താവുന്നതാണെന്ന മറുപടി കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന് നൽകിയിരുന്നു.<br><br>സാധുവായ ലൈസൻസ് ഉള്ള ബാർ ഹോട്ടലുകൾക്ക് മദ്യം നൽകാതിരിക്കുന്നത് നിയമപരമായി നിലനിൽക്കാത്തതിനാൽ ഇപ്പോൾ ചരക്ക് സേവന നികുതി വകുപ്പ് ടി ബാർ ഹോട്ടലുകളുടെ രജിസ്ട്രേഷൻ റദ്ദാക്കുകയും, റദ്ദായ രജിസ്ട്രേഷനുള്ള ബാറുകൾക്ക് മദ്യം നൽകുന്നത് ബെവ്കോ നിർത്തിവയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇത്തരത്തിൽ കുടിശ്ശികക്കാരായ ബാറുടമകൾക്ക് മദ്യം നൽകുന്നതിനായി ബെവ്കോ എം.ഡി. സ്വീകരിച്ച നിലപാടിൽ വിശദീകരണം ചോദിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | ചില ബാർ ഹോട്ടലുകൾ തങ്ങളുടെ വരുമാനത്തിൽ നിന്നും സർക്കാരിന് നൽകേണ്ട ടേൺ ഓവർ ടാക്സിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടെന്നും ആയതിനാൽ അവർക്ക് മദ്യം നൽകുന്നത് നിർത്തിവയ്ക്കണമെന്നും |

| | | | | |
|---|---|---|---|---|
| | | | | ആവശ്യപ്പെട്ട് ചരക്ക് സേവന നികുതി വകുപ്പിന്റെ 27.09.2023 തീയതിയിലെ SGST/2023-TPS(HQ)4 നമ്പർ കത്ത് പ്രകാരം കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനോട് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത കത്തിനെതിരെ ചില ബാർ ഹോട്ടലുകൾ ബഹു. ഹൈക്കോടതിയെ സമീപിച്ചപ്പോൾ, ടി കത്തിൻമേൽ തുടർനടപടികൾ സ്വീകരിക്കേണ്ടതില്ല എന്ന് ഉത്തരവായിട്ടുള്ളതും എന്നാൽ മറ്റ് ചില കേസുകളിൽ ചരക്കുസേവന നികുതി വകുപ്പിന്റെ നിർദ്ദേശം അനുസരിച്ച് തീരുമാനം എടുക്കാമെന്നും വിധി പുറപ്പെടുവിച്ചിരുന്നു. മാത്രമല്ല, നിയമപരമായ എക്സൈസ് ലൈസൻസും, കെ.ജി.എസ്.ടി. രജിസ്ട്രേഷനുമുള്ള ബാർ ഹോട്ടലുകൾക്ക് മദ്യം നൽകാതിരിക്കുന്നത് നിയമപരമായി നിലനിൽക്കുന്നതല്ലാത്തതിനാൽ സർക്കാരിന് എക്സൈസ് തീരുവ, സെയിൽസ് ടാക്സ് എന്നീ ഇനത്തിൽ വരുന്ന വരുമാന നഷ്ടം കൂടി കണക്കിലെടുത്ത് ടി വിഷയത്തിൽ സ്പഷ്ടീകരണം ആവശ്യപ്പെട്ട് ബെവ്കോ നികുതി വകുപ്പിന് കത്തയച്ചിരുന്നു. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.) കുടിശ്ശിക വരുത്തിയതായി ചരക്ക് സേവന നികുതി വകുപ്പ് അറിയിക്കുന്ന ബാർ ഹോട്ടലുകൾക്ക് പത്ത് ദിവസത്തെ സമയം അനുവദിച്ചതിന് ശേഷം മദ്യം നൽകുന്നത് നിർത്താവുന്നതാണെന്ന മറുപടി കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന് നൽകിയിരുന്നു.<br><br>സാധുവായ ലൈസൻസ് ഉള്ള ബാർ ഹോട്ടലുകൾക്ക് മദ്യം നൽകാതിരിക്കുന്നത് നിയമപരമായി നിലനിൽക്കാത്തതിനാൽ ഇപ്പോൾ ചരക്ക് സേവന നികുതി വകപ്പ് ടി ബാർ ഹോട്ടലുകളുടെ രജിസ്ട്രേഷൻ റദ്ദാക്കുകയും, റദ്ദായ രജിസ്ട്രേഷനുള്ള ബാറുകൾക്ക് മദ്യം നൽകുന്നത് ബെവ്കോ നിർത്തിവയ്ക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

ഫയൽ/നമ്പർ

KERALA STATE BEVERAGES
(MANUFACTURING AND MARKETING) CORPORATION LTD.
(A GOVERNMENT OF KERALA UNDERTAKING)

Azadi Ka Amrit Mahotsav
Har Ghar Tiranga-15th August 2022

Bevco Tower, Vikas Bhavan P. O., Palayam, Thiruvananthapuram-695 033
Phone : 0471-2724970, 2724913 E-mail : itd@ksbc.co.in

2023

12-10-2023

To,

Additional Chief Secretary
Taxes (A) Department
Government of Kerala

**Sub: Requesting clear directions on the received instruction of State GST for blocking liquor issue to Bars - Reg:**
**Ref: The intimation from State GST Department to KSBC**

Numerous communications are being received from Deputy Commissioners – Tax payer division of various zones of the state GST Department Kerala to KSBC requesting to instruct FL-09 units of KSBC to stop the supply of liquor to the Bars mentioning that the Bars are defaulters in filing the statutory returns and remitting the tax for the required period.

KGST has given a clarification that the issue of liquor to the Bars has to be stopped as without a registration under KGST Act 1963 a Bar cannot make purchase and sale of liquor. Based on this Corporation had initially blocked the facility to issue liquor from FL-09 Units to some Bars. Now a lot of such instructions to block the liquor issue to various other Bars are being received at KSBC on daily basis and KSBC is finding it difficult to stop sales to all these Bars.

Blocking of sale of liquor to Bars adversely affects KSBC revenue as well as contribution to state exchequer and also requires system updation.

Therefore clear instructions may please be issued as to whether such requests for stopping sales to certain Bars/licensees are to be accepted. It is also suggested that any such requests should come through Taxes Department and not directly by Deputy Commissioners GST, to ensure uniformity and their proper disposal. Please also find enclosed letter from Special Commissioner dated 27-09-2023 No SGST/2023-TPS(HQ)4 in this regard requesting for stopping sales to some Bars.

Urgent instructions may please be issued in this regard.

CHAIRMAN AND MANAGING DIRECTOR

Issued By

GM Finance

നോക്കിയത് ബോധിച്ചു